SDOF SUNDAY

MALANKARA ORTHODOX SYRIAN CHURCH
ST. DIONYSIUS ORTHODOX FELLOWSHIP
SDOF

Vol. 01 No. 01 THE ONLINE OFFICIAL NEWS BULLETIN OF SDOF 2026 May 24

SDOF SUNDAY

Vol. 01, No. 01, 2026 May 24

Editorial Board

President
H.G. Geevarghese Mar Philoxenos

Vice President
Fr. Biju T Mathew

General Secretary
Shibu K Abraham

Treasurer
Adv. Oommen John

Publisher
Fr. V G Koshy Vaidyan

Chief Editor
Raj Philip

Editorial Board Members

Prinu T Mathews
Santhosh Daniel

Published by Fr. V G Koshy Vaidyan on behalf of St. Dionysius Orthodox Fellowship for the glory of God and for the benefit of humankind.

For Private Circulation only

Send your articles and news to the following

E-mail

sdofsunday@gmail.com

or

Whatsapp No.

7012270083

Editorial

എഡിറ്റോറിയൽ

മധ്യവയസ്സിലെ ആത്മീയ ദൗത്യവും പുതിയ പ്രയാണവും

മലങ്കരസഭയുടെ നവീകരണ ശില്പിയും പരിശുദ്ധനുമായ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ നാമധേയത്തിലുള്ള 'സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ്' (SDOF) അതിന്റെ ഔദ്യോഗിക മുഖപത്രമായ 'SDOF Sunday' പ്രസിദ്ധീകരിക്കുന്നതിൽ ഏറെ അഭിമാനിക്കുന്നു. സഭയുടെ ചരിത്രത്തിൽ തികച്ചും സവിശേഷവും നിർണ്ണായകവുമായ ഒരു പുതിയ അധ്യായത്തിനാണ് ഇതിലൂടെ തുടക്കമാകുന്നത്.

ജീവിതത്തിന്റെ നാൽപ്പതുകളിലും അമ്പതുകളിലും എത്തിനിൽക്കുന്ന പ്രായം കേവലം പ്രായോഗിക ജീവിതത്തിന്റെ തിരക്കുകൾ മാത്രമുള്ള ഒരു കാലഘട്ടമല്ല, മറിച്ച് അത് കുടുംബത്തിലും സമൂഹത്തിലും സഭയിലും ഏറ്റവും കൂടുതൽ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കേണ്ട 'സുവർണ്ണ കാലഘട്ട'മാണ്. യുവത്വത്തിന്റെ ആവേശവും മധ്യകാലഘട്ടത്തിന്റെ പക്വതയും ഒത്തുചേരുന്ന ഈ 40–60 പ്രായപരിധിയിലുള്ളവരെ സഭയുടെ മുഖ്യധാരയിലേക്ക് സജീവമായി പങ്കാളികളാക്കുക എന്നതാണ് ഈ ഫെലോഷിപ്പിന്റെയും ഈ പ്രസിദ്ധീകരണത്തിന്റെയും പ്രധാന ലക്ഷ്യം.

നമ്മുടെ വിശ്വാസം നമ്മുടെ പൈതൃകമാണ്, അത് കാത്തുസൂക്ഷിക്കാനും അടുത്ത തലമുറയ്ക്ക് പകർന്നുനൽകാനും നാം ബാധ്യസ്ഥരാണ്.

പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി സഭയ്ക്ക് നൽകിയ ദർശനം, ധീരത, വിശ്വാസസ്ഥിരത, കഠിനാധ്വാനം എന്നിവയാണ് നമ്മുടെ വഴികാട്ടി. ആധുനിക ലോകത്തിന്റെ വെല്ലുവിളികൾക്കിടയിൽ കുടുംബബന്ധങ്ങൾ ഭദ്രമായി സൂക്ഷിക്കാനും, കുട്ടികൾക്ക് ശരിയായ ആത്മീയ മാതൃകയാകാനും, സഭയുടെ ജീവകാരുണ്യ ആത്മീയ പ്രവർത്തനങ്ങളിൽ സജീവമാകാനും നമുക്ക് സാധിക്കണം.

'SDOF Sunday' എന്തിനുവേണ്ടി?

ആത്മീയ വളർച്ച: സഭയുടെ ആരാധനാക്രമങ്ങളെയും വിശ്വാസസത്യങ്ങളെയും കുറിച്ചുള്ള ആഴമേറിയ അറിവ് പങ്കുവെക്കാൻ.

കുടുംബ ഭദ്രത: മധ്യവയസ്സിൽ നേരിടുന്ന മാനസിക, സാമൂഹിക, സാമ്പത്തിക, സിആരോഗ്യപരമായ വെല്ലുവിളികളെ നേരിടാൻ സഹായിക്കുന്ന ലേഖനങ്ങൾ.

കൂട്ടായ്മ: സഭയിലെ വിവിധ ഭദ്രാസനങ്ങളിലെ SDOF പ്രവർത്തനങ്ങളുടെ ഏകോപനവും വാർത്തകളും.

ഇതൊരു വെറും വായനാ സാമഗ്രിയല്ല, മറിച്ച് നമ്മുടെ ചിന്തകളെയും പ്രവർത്തനങ്ങളെയും കോർത്തിണക്കുന്ന ഒരു ആത്മീയ പാലമാണ്. സഭയിലെ എല്ലാ വൈദികരുടെയും അല്മായരുടെയും പ്രാർത്ഥനയും സഹകരണവും ഈ പുതിയ സംരംഭത്തിന് ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

നമുക്ക് ഒരുമിച്ച് വളരാം, ക്രിസ്തുവിലും സഭാ പാരമ്പര്യത്തിലും വേരൂന്നിയവരായി മുന്നേറാം.

പ്രാർത്ഥനയോടെ,

ചീഫ് എഡിറ്റർ

ആശംസാ സന്ദേശം



www.mosc.in
catholicos@mosc.in

Ph: 0481 - 2574323
2578500

The Malankara Orthodox Syrian Church
CATHOLICATE OF THE EAST

BASELIOS MARTHOMA MATHEWS III
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM - 686 004
KERALA, INDIA

മെയ് 20, 2026

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ 40 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള സ്ത്രീ-പുരുഷന്മാർക്ക് വേണ്ടി ആരംഭിച്ച ഏറ്റവും പുതിയ ആത്മീയ സംഘടനയായ St. Dionysius Orthodox Fellowship (SDOF)-ന്റെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടന്നു എന്ന് അറിയുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. പ്രസ്ഥാനത്തിന്റെ നേതൃത്വത്തെയും അതിലെ അംഗങ്ങളെയും ആത്മാർത്ഥമായി നാം അഭിനന്ദിക്കുന്നു.

പ്രസ്ഥാനത്തിന്റെ കേന്ദ്ര, ഭദ്രാസന, റീജണൽ, ഡിസ്റ്റിക്, യൂണിറ്റ് പ്രവർത്തനങ്ങൾ വളരെയേറെ അച്ചടക്കത്തോടെയും ദീർഘവീക്ഷണത്തോടെയും കഴിഞ്ഞ ഒരു വർഷം പ്രവർത്തിച്ചു എന്ന് അറിയുന്നതിൽ ആത്മ സന്തോഷം നിങ്ങളെ അറിയിക്കുകയാണ്.

ഒരു പുതിയ ആത്മീയ പ്രസ്ഥാനം ആരംഭിച്ചിട്ട് ഒരു വർഷം കൊണ്ട് അതിന്റെ ബാലാരിഷ്ടതകൾ മറികടന്ന് പരിശുദ്ധ സഭ ആകമാനം നിറഞ്ഞ് പ്രവർത്തിക്കുന്നത് പരിശുദ്ധ സഭയുടെ ഭാവിക്ക് അത്യുത്തമമാണ്.

പ്രസ്ഥാനത്തിന്റെ രണ്ടാം വർഷം ആരംഭിക്കുമ്പോൾ 'SDOF SUNDAY' എന്ന പേരിൽ ഒരു മുഖപത്രം കൂടെ ആരംഭിക്കുകയാണ്. 2026 മെയ് മാസം 24 തീയതി പെന്തിക്കോസ്തി പെരുന്നാൾ ദിവസം മുഖപത്രത്തിന്റെ ആദ്യ കോപ്പി പുറത്തിറങ്ങുകയാണ്. എല്ലാ ഞായറാഴ്ചയും 'SDOF SUNDAY' എന്ന മുഖപത്രം പുറത്തിറക്കുവാനാണ് എഡിറ്റോറിയൽ ബോർഡ് തീരുമാനിച്ചിരിക്കുന്നത്.

എല്ലാ വാർത്തകളും ഫോട്ടോകളും അറിയിപ്പുകളും പരസ്യങ്ങളും ഉൾപ്പെടുന്ന ഈ പ്രസിദ്ധീകരണത്തിന് നമ്മുടെ ഹൃദയംഗമമായ ആശംസകൾ ഭാവുകങ്ങളും നേരുന്നു.

SDOF പ്രസ്ഥാനവും 'SDOF SUNDAY' എന്ന പ്രസിദ്ധീകരണവും വളർന്ന് വലുതാകട്ടെ. പരിശുദ്ധ സഭയ്ക്കും സമൂഹത്തിനും അനുഗ്രഹവും മുതൽക്കൂട്ടും ആകട്ടെ എന്ന് ആശംസിക്കുന്നു; പ്രാർത്ഥിക്കുന്നു.

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

ആശംസാ സന്ദേശം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ദൈവകൃപയാൽ

സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് പ്രസിഡന്റ്
ഗീവർഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായിൽ നിന്നും

No.SDOF 04/2026 14-05-2026

ഹൃദയംഗമമായ ആശംസകൾ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ 2025 ഫെബ്രുവരി പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനമനുസരിച്ച് ആരംഭിച്ച St.Dionysius Orthodox Fellowship എന്ന ആത്മീയ സംഘടന ഒരു വർഷം പൂർത്തിയാക്കി. ദൈവത്തിന്റെ അളവറ്റ കരുണയും വാത്സല്യവും പ്രസ്ഥാന പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടായി.

പ്രസ്ഥാനത്തിന്റെ രണ്ടാം വർഷം തുടങ്ങുമ്പോൾ ഒരു മുഖപത്രം കൂടെ ആരംഭിക്കുവാൻ പ്രസ്ഥാനത്തിന്റെ കേന്ദ്ര കമ്മറ്റി തീരുമാനിച്ചു എന്നുള്ള സന്തോഷം എല്ലാവരെയും അറിയിക്കുന്നു. 'SDOF SUNDAY' എന്ന പേരിട്ടിരിക്കുന്ന മുഖപത്രം എല്ലാ ഞായറാഴ്ചയും പ്രസിദ്ധീകരിക്കുവാനാണ് SDOF ന്റെ എഡിറ്റോറിയൽ ബോർഡ് കമ്മിറ്റി തീരുമാനിച്ചിരിക്കുന്നത്. പരിശുദ്ധ സഭ ആകമാനം പ്രസ്ഥാനത്തിന്റെ എല്ലാ തലങ്ങളിലും ഉള്ള വാർത്തകളും ഫോട്ടോകളും അറിയിപ്പുകളും ലേഖനങ്ങളും പരസ്യങ്ങളും ഈ മുഖപത്രത്തിലൂടെ വിശ്വാസികളെ അറിയിക്കുവാൻ സാധിക്കും.

പ്രസ്ഥാനത്തിന്റെ എല്ലാ പ്രവർത്തകരും അംഗങ്ങളും ഈ മുഖപത്രം വേണ്ടവിധത്തിൽ ഉപയോഗിക്കണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു. സഭയ്ക്കും സമൂഹത്തിനും ഈ മുഖപത്രം പ്രയോജനകരമാകട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു. പ്രാർത്ഥിക്കുന്നു.

ഹൃദയം നിറഞ്ഞ ആശംസകളും നന്മകളും പ്രസ്ഥാനത്തിനും 'SDOF SUNDAY'എന്ന മുഖപത്രത്തിനും നേരുന്നു.

Philoxenos

ഗീവർഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്ത



Gen Beta തലമുറയും വിശ്വാസ ജീവിതവും

ഫാ. ബിജു റ്റി. മാത്യു പുത്തൻകാവ്
(SDOF കേന്ദ്ര വൈസ് പ്രസിഡന്റ്)

പ്രശസ്ത വേദപണ്ഡിതനായ വില്ല്യം ബാർക്ലെ വിശ്വാസത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്.

Faith is a Prayer to see Jesus more clearly
Faith is a Prayer to love Jesus more clearly
Faith is a Prayer to follow Jesus more nearly

ആധുനിക തലമുറയ്ക്ക് എല്ലാറ്റിനെയും അറിയുവാൻ വിവര സാങ്കേതിക വിദ്യയുണ്ട്. പക്ഷേ ഒന്നിന്റെയും മൂല്യം അറിയില്ല എന്ന് പറയാറില്ലേ? സ്നേഹം, നീതിബോധം, സത്യസന്ധത, ദയ, ജീവിതവിശുദ്ധി, അച്ചടക്കം, കൃത്യനിഷ്ഠ, അദ്ധ്വാനശീലം, വിനയം ഇവയെല്ലാം തന്നെ സമൂഹത്തിൽ നിന്ന് അന്യപ്പെട്ടുകൊണ്ടിരിക്കുകയാണോ? മാത്രമല്ല നാം ജീവിക്കുന്ന ചുറ്റുപാടിൽ സോഷ്യൽ മീഡിയയുടെ കടന്നുകയറ്റവും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (AI) അതിപ്രസരവും ഈ തലമുറയെതന്നെ സ്വാധീനിച്ചിരിക്കുകയാണ്. ആത്മീയമേഖലയിൽ പ്രത്യേകിച്ച് വിശ്വാസജീവിത വഴിയിലും ആയതിന്റെ കടന്നാക്രമണവും ഫലങ്ങളും വിദൂരമല്ലാത്ത ഭാവിയിൽ തലമുറകളിലൂടെ പ്രതീക്ഷിക്കേണ്ട ഒരു യാഥാർത്ഥ്യം തന്നെയാണ്.

ദാനിയേൽ 1:1-21 വരെയുള്ള വായിച്ചാൽ ഈ തലമുറയെ വിശ്വാസജീവിതത്തിൽ എങ്ങനെ രൂപപ്പെടുത്താം, എന്നതിന്റെ ചില ഓർമ്മപ്പെടുത്തലുകൾ ഉണ്ട്. ബാബിലോൺ പ്രവാസത്തിങ്കൽ, യഹൂദ്യയിൽ നിന്ന് യുദ്ധതടവുകാരായി, കൊട്ടാരത്തിൽ എത്തിച്ചേർന്ന ദാനിയേൽ, ഹനന്യവ്, മീശായേൽ, അസര്യാവ് എന്നീ യുവാക്കൾ അതിജീവിച്ച വിശ്വാസപരമായ പ്രതിസന്ധി ഈ ഏലി ആലമേ തലമുറയ്ക്കുള്ള ദൃഷ്ടാന്തം കൂടിയാണ്.

അടിമത്വത്തിൽപ്പെട്ട യുവാക്കളുടെ മേൽ വൈദേശിക സംസ്കാരവും വിശ്വാസവും ഭക്ഷണരീതിയും അടിച്ചേൽപ്പിക്കുവാനുള്ള പ്രകടമായ ശ്രമം ഉണ്ടായപ്പോൾ, ബാബേൽ രാജാവ് ഒരുക്കുന്ന പാനീയവും ആചാരങ്ങളും തങ്ങളെ അശുദ്ധമാക്കും എന്ന തിരിച്ചറിവിൽ ദാനിയേലും കൂടെയുള്ള യുവാക്കളും അത് ഉപേക്ഷിക്കുവാൻ തയ്യാറാവുന്നു. രാജകൊട്ടാരത്തിനോ ലോകത്തിന്റെ ശക്തിക്കോ ഏതെങ്കിലും മാർഗ്ഗത്തിനോ ദൈവത്തിലുള്ള വിശ്വാസത്തിൽ നിന്ന് തങ്ങളെ അകറ്റുവാൻ കഴിയുകയില്ല എന്ന് ഈ വേദഭാഗം നമ്മെ പഠിപ്പിക്കുന്നു.

Gen Beta തലമുറ ഉയർത്തിക്കാട്ടുന്ന ഇന്നിന്റെ സാമൂഹ്യപശ്ചാത്തലങ്ങളിൽ വിശ്വാസ സംരക്ഷണത്തിനുള്ള പ്രതിരോധ മാതൃക ഉയർത്തിക്കാട്ടുവാൻ SDOF ന്റെ പ്രവർത്തനങ്ങളിലൂടെ സഭയിൽ, സമൂഹത്തിൽ, ഇടവകയിൽ സാധ്യമായിത്തീരണം. നമ്മുടെ ആരോഗ്യത്തിനും ബുദ്ധിക്കും വിദ്യയ്ക്കും പിറകിൽ കർത്താവിന്റെ കരം ഉണ്ടെന്നുള്ള ബോധ്യമാണ് വിശ്വാസം എന്നും ഈ വിശ്വാസജീവിതാനുഭവങ്ങളെ തലമുറയ്ക്ക് പകർന്നുകൊടുക്കുന്നില്ലെങ്കിൽ ലോകം അതിനുപകരമായി മറ്റൊന്നിനെ replace ചെയ്യുമെന്നും ഓർത്തിരിക്കാം. SDOF ന്റെ എല്ലാ പ്രവർത്തകർക്കും എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്കും എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു. SDOF Sunday എന്ന ഓൺലൈൻ മുഖപത്രത്തിലൂടെ "ഓർത്തോദുക്സോ" തലമുറകളിലേക്കു നമുക്ക് പകർന്നു കൊടുക്കാം.

മലങ്കര ഓർത്തഡോക്സ് സഭയുടെ സെന്റ് ഡയനീഷ്യസ് ഓർത്തഡോ ക്സസ് ഫോറത്തിന്റെ ഉദ്ഘാടനം പ്രസിഡന്റ് ഗീവർഗീസ് മാർ പീലക്സി നോസ് നിർവഹിക്കുന്നു. സതീഷ് മാണിക്കശ്ശേരി, ഫാ. പി. കെ. കോശി, ഫാ. ബിജു ടി. മാത്യു, റോണി വർഗീസ്, ഷിബു കെ. ഏബ്രഹാം, ഉമ്മൻ ജോൺ തുടങ്ങിയവർ സമീപം.

ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ. നിത്യവും ദൈവ പ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.

- പ. പരുമല തിരുമേനി

ജനറൽ സെക്രട്ടറിയുടെ കത്ത്

ബഹുമാന്യരും പ്രിയപ്പെട്ടവരുമെ,

കാലത്തിന്റെ പ്രവാഹത്തിൽ ഓരോ മനുഷ്യനും തന്റെ ജീവിതത്തിന്റെ അർത്ഥം അന്വേഷിച്ച് സഞ്ചരിക്കുമ്പോൾ, ദൈവവിശ്വാസം തന്നെയാണ് നമ്മെ നിലനിർത്തുന്ന അടിത്തറയായി മാറുന്നത്. ആ അടിത്തറയിൽ ഉറച്ചുനിൽക്കുന്ന ഒരു സമൂഹത്തെ പടുത്തുയർത്താനുള്ള ദൈവിക ദൗത്യബോധത്തിലാണ് മലങ്കര ഓർത്തഡോക്സ് സഭയുടെ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് 40-നും 60-നും ഇടയിൽ പ്രായമുള്ള സ്ത്രീപുരുഷന്മാരെ ഏകോപിപ്പിച്ച് സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് (SDOF) എന്ന പ്രസ്ഥാനത്തിന് രൂപംകൊടുത്തത്.

ജീവിതത്തിന്റെ ഈ ഘട്ടം ഒരു പ്രത്യേക അനുഗ്രഹകാലമാണ്. യുവത്വത്തിന്റെ ഉത്സാഹവും, പ്രായ പൂർത്തിയായ ചിന്തകളുടെ പക്വതയും ഒരുമിക്കുന്ന ഈ കാലയളവിൽ, വിശ്വാസം ഒരു ആശ്രയം മാത്രമല്ല, അത് ഒരു ഉത്തരവാദിത്തവുമാണ്. കുടുംബജീവിതത്തിന്റെ തിരക്കുകൾക്കും സാമൂഹിക ബാധ്യതകൾക്കും നടുവിൽ നിൽക്കുന്ന ഈ പ്രായവർഗ്ഗം, സഭയുടെ ശക്തമായ അടിത്തറയാകാൻ കഴിവുള്ളവരാണ് എന്ന് ഉറപ്പിച്ച് പറയാൻ കഴിയും: "വിശ്വാസം സാക്ഷ്യം പ്രബോധനം" എന്നതാണ് നമ്മുടെ പ്രസ്ഥാനത്തിന്റെ ആത്മാവ്.

വിശ്വാസം നമ്മെ ദൈവസന്നിധിയിൽ ഉറപ്പിക്കുന്നു; സാക്ഷ്യം നമ്മുടെ ജീവിതത്തെ സുവിശേഷത്തിന്റെ ജീവിക്കുന്ന സാക്ഷിയാക്കുന്നു; പ്രബോധനം നമ്മെ സമൂഹത്തിന്റെയും സഭയുടെയും ഉണർവിന്റെ ശബ്ദമാക്കുന്നു.

ഈ ദർശനത്തിന്റെ പ്രകാശത്തിൽ, SDOF ഒരു സംഘടനയായി മാത്രം നിൽക്കാതെ, ആത്മീയ വളർച്ചയ്ക്കും സാമൂഹിക സേവനത്തിനും ദൈവസാക്ഷ്യത്തിനും ഒരു ജീവിച്ചിരിക്കുന്ന വേദിയായി മാറുകയാണ്. ഓരോ അംഗവും ഒരു ദൗത്യക്കാരനാണ്; ഓരോ കുടുംബവും ഒരു സാക്ഷ്യവേദിയാണ്; ഓരോ യൂണിറ്റും ഒരു ആത്മീയ ദീപസ്തംഭമാണ്.

ഇന്നത്തെ സാഹചര്യത്തിൽ, നമ്മുടെ മുന്നിലുള്ള ഏറ്റവും പ്രധാനപ്പെട്ട ദൗത്യം പുതിയ യൂണിറ്റുകളുടെ രൂപീകരണവും നിലവിലുള്ള യൂണിറ്റുകളുടെ ശക്തിപ്പെടുത്തലും എന്നതാണ്. ഓരോ ദേവാലയത്തിലും വിശ്വാസത്തിന്റെ പ്രകാശം പങ്കിടുന്ന SDOF യൂണിറ്റുകൾ രൂപംകൊള്ളണം. അത് വെറും ഘടനാപരമായ വിപുലീകരണമല്ല; അത് ആത്മീയ ഉണർവിന്റെ വിത്തുവിതച്ചുപോക്കാണ്.

പുതിയ യൂണിറ്റുകൾ രൂപീകരിക്കുമ്പോൾ, നമുക്ക് ശ്രദ്ധിക്കേണ്ടത് മൂന്നു അടിസ്ഥാനങ്ങൾ തന്നെയാണ്. വിശ്വാസത്തിൽ ഉറച്ചുനിൽക്കുക, സാക്ഷ്യത്തിൽ ധൈര്യത്തോടെ മുന്നേറുക, പ്രബോധനത്തിൽ സമൂഹത്തെ സ്പർശിക്കുക. ഓരോ യൂണിറ്റും പ്രാർത്ഥനയുടെ കൂട്ടായ്മയായിരിക്കട്ടെ; ഓരോ കൂടിച്ചേരലും ആത്മപരിശോധനയുടെ നിമിഷമായിരിക്കട്ടെ; ഓരോ പ്രവർത്തനവും ദൈവസ്നേഹത്തിന്റെ പ്രകടനമായിരിക്കട്ടെ.

SDOF SUNDAY എന്ന മുഖപത്രത്തിന്റെ പ്രകാശനം നമ്മുടെ ദൗത്യത്തിന്റെ ശബ്ദമായി ഉയരുകയാണ്. ഇത് വെറും വാർത്തകളുടെ സമാഹാരമല്ല; ചിന്തകളുടെ ഒഴുക്ക്, അനുഭവങ്ങളുടെ പങ്കുവെപ്പ്, വിശ്വാസത്തിന്റെ സാക്ഷ്യരേഖ എന്നിവയാണ്. SDOF SUNDAY എന്ന നമ്മുടെ മുഖപത്രം പ്രസ്ഥാനത്തിന്റെ ആത്മാവിനെ ഓരോ ഹൃദയത്തിലേക്കും എത്തിക്കുന്ന ഒരു മാധ്യമമാകട്ടെ.

നമ്മുടെ കാലഘട്ടം പലവിധ വെല്ലുവിളികളാൽ നിറഞ്ഞിരിക്കുന്നു. വിശ്വാസം പലപ്പോഴും ചോദ്യ ചിഹ്നങ്ങളാൽ ചുറ്റപ്പെട്ടിരിക്കുന്നു. എന്നാൽ, അത്തരം സാഹചര്യങ്ങളിൽ സത്യസാക്ഷ്യമായി നിൽക്കേണ്ടത് നമ്മളാണ്. വാക്കുകളിൽ മാത്രമല്ല, ജീവിതത്തിൽ പ്രതിഫലിക്കുന്ന വിശ്വാസമാണ് ലോകത്തെ സ്പർശിക്കുന്നത്.

അതുകൊണ്ട് പ്രിയപ്പെട്ടവരെ,

ഈ ദൈവിക ദൗത്യത്തിൽ നമുക്ക് ഒരുമിച്ച് ചേരാം. പുതിയ യൂണിറ്റുകൾ ആരംഭിക്കാം; നിലവിലുള്ള യൂണിറ്റുകൾ ശക്തിപ്പെടുത്താം; നമ്മുടെ ജീവിതം തന്നെ സുവിശേഷത്തിന്റെ സന്ദേശമാക്കാം. നമ്മിൽ ഓരോരുത്തരും ഒരു വിളക്കാണ്. ആ വിളക്കുകൾ ഒരുമിച്ച് തെളിഞ്ഞാൽ, അത് ഒരു പ്രഭാതമാകും. വിശ്വാസത്തിന്റെ, സാക്ഷ്യത്തിന്റെ, പ്രബോധനത്തിന്റെ പ്രഭാതം.

ദൈവം നമ്മുടെ ശ്രമങ്ങളെ അനുഗ്രഹിക്കട്ടെ; നമ്മുടെ പ്രവർത്തനങ്ങൾ അവന്റെ മഹത്വത്തിനായി ഫലവത്താകട്ടെ.

സ്നേഹപൂർവ്വം,

ഷിബു കെ ഏബ്രഹാം,
ജനറൽ സെക്രട്ടറി
സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ്
(SDOF)

SDOF Sunday *Editorial Board*

President
H.G. Geevarghese Mar Philoxenos

Vice President
Fr. Biju T Mathew

General Secretary
Shibu K Abraham

Treasurer
Adv. Oommen John

Publisher
Fr. V G Koshy Vaidyan

Chief Editor
Raj Philip

Editorial Board Member
Prinu T Mathews

Editorial Board Member
Santhosh Daniel

പ്രബോധനം ജ്ഞാനമാകട്ടെ

ഷാജു വി. ചെറിയാൻ
(SDOF കണ്ടനാട് വെസ്റ്റ് ഭദ്രാസന സെക്രട്ടറി)

വിശ്വാസത്തിന്റെ ദീപശിഖയിൽ
ഹൃദയം വീണ്ടും ജ്വലിക്കുമ്പോൾ,
ക്രിസ്തുവിൻ സ്നേഹസന്ദേശം
ജീവിതമായി മാറിടുന്നു.

പ്രാർത്ഥനയുടെ നിശ്ശബ്ദത്തിൽ
ദൈവവചനം മുഴങ്ങുമ്പോൾ,
പ്രബോധനത്തിന്റെ വഴികളിലൂടെ
സത്യത്തിന്റെ വെളിച്ചം പകരുന്നു.

തളർന്നൊരു സഹോദരന്റെ
കണ്ണീരിൽ കൈ ചേർക്കുമ്പോൾ,
സാക്ഷ്യമായി നാം തീരുന്നു
കരുണയുടെ സുവിശേഷത്തിന്.

മാത്രമൊരു വാക്കുകളല്ല
വിശ്വാസത്തിന്റെ അർത്ഥമെന്ന്,
സ്നേഹത്തിൽ ജീവിച്ചീടുമ്പോൾ
ലോകം ക്രിസ്തുവിനെ കാണുന്നു.

സെന്റ് ഡയനീഷ്യസിന്റെ പാത
ധൈര്യത്തിന്റെ ദീപസ്തംഭം,
സേവനവും ത്യാഗവും കൊണ്ട്
സഭയെ നയിച്ച സാക്ഷ്യം.

ഇരുളുകൾ മൂടിയ കാലം
മനസ്സിനെ തളർത്തിയാലും,
വിശ്വാസം കൈവിടാത്തവർ
പ്രതീക്ഷയുടെ വിത്ത് വിതറും.

പ്രബോധനം ജ്ഞാനമാകെ
പുതുതലമുറയിൽ പൂക്കട്ടെ,
സാക്ഷ്യത്തിന്റെ ജീവനൊച്ച
സമൂഹമാകെ മുഴങ്ങട്ടെ.

കൈകൾ ചേർത്ത് നമുക്കൊരുമിച്ച്
സത്യത്തിന്റെ പാത നടപ്പാം,
വിശ്വാസം, പ്രബോധനം, സാക്ഷ്യം
ജീവിതത്തിൽ തെളിയിക്കാം.

"വ്യക്തിപരമായ ഇഷ്ടങ്ങളും താല്പര്യങ്ങളും സാധിക്കണം എന്നു വിചാരിക്കാതെ ദൈവേഷ്ടം നടക്കണം എന്നായിരിക്കണം എല്ലായ്പ്പോഴും നിങ്ങളുടെ ഉദ്ദേശ്യം. ഈ നിഷ്ഠ പാലിക്കുമെങ്കിൽ നമ്മുടെ ഇടയിൽ അങ്ങിങ്ങായി കാണപ്പെടുന്ന എല്ലാ അസുഖങ്ങളും അസ്വാസ്ഥ്യങ്ങളും ഇല്ലാതായിക്കൊള്ളും. ... ക്രിസ്തീയ ഐക്യം നമ്മെ ഭരിക്കുകയും ചെയ്യും. 'സഹോദരന്മാരെ നിങ്ങളെല്ലാവരും ഒന്നുതന്നെ സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏക മനസ്സിലും ഏക അഭിപ്രായത്തിലും യോജിച്ചിരിക്കുകയും വേണം' എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി വി. പൗലൂസ് അപ്പോസ്തോലൻ കോരിന്ത്യരോടു പറഞ്ഞിട്ടുള്ള അതേ വാക്കുകളാൽതന്നെ നാമും നിങ്ങളെ ഉത്ബോധിപ്പിക്കുന്നു."

- പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ (അന്ത്യ കല്പനയിൽ നിന്നും)

സകല സത്യത്തിലും വഴിനടത്തുന്ന പരിശുദ്ധാത്മാവ്



(പെന്തിക്കോസ്തി പെരുന്നാൾ)

വി. യോഹന്നാൻ 16:5–15

ഗീവർഗീസ് മാർ പീലക്സിനോസ്

പെന്തിക്കോസ്തി ക്രൈസ്തവ പാരമ്പര്യത്തിലെ പരിശുദ്ധാത്മ പുതുക്ക പ്പെരുന്നാളാണ്. പെന്തിക്കോസ്തി എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം അമ്പ താമത്തെ എന്നാണ്. ക്രൈസ്തവ പാരമ്പര്യത്തിൽ ഈസ്റ്ററിനുശേഷം അമ്പതാം ദിവസം പെന്തിക്കോസ്തി പെരുന്നാളാണ്. ദൈവപുത്രൻ മനുഷ്യ നായി തീർന്നത് പരിശുദ്ധാത്മാവിനെ നമുക്ക് നൽകാനായിരുന്നു എന്ന് പൗരസ്ത്യ സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. സഭയിൽ വസിക്കുന്ന പരിശു ദ്ധാത്മാവിന്റെ പ്രത്യേകമായ പുതുക്കം പ്രാപിക്കാനുള്ള പ്രാർത്ഥനകളും ശുശ്രൂ ഷകളുമാണ് പെന്തിക്കോസ്തി പെരുന്നാളിൽ നടക്കുന്നത്.

യഹൂദ പെന്തിക്കോസ്തി

യഹൂദന്മാർക്ക് പെസഹാ കഴിഞ്ഞ് അമ്പതാം ദിവസം പെന്തിക്കോസ്തി ആയിരുന്നു. പഴയനിയമകാലത്ത് പെന്തിക്കോസ്തി, കൊയ്ത്ത് പെരുന്നാൾ (പുറ. 23:6) അത്രേ. വാരോത്സവം (പുറ. 34:22, ആവ. 16:10) എന്നും ആദ്യഫല പ്പെരുന്നാൾ (പുറ. 34:22, സംഖ്യ 28:26) എന്നും ഇതിനെ വിളിച്ചിരുന്നു. കർത്താ വിന്റെ കാലമാകുമ്പോഴേക്കും യഹോവ യിസ്രായേലിനോട് ചെയ്ത ഉടമ്പടി പുതുക്കുന്ന പെരുന്നാളായി പെന്തിക്കോസ്തി രൂപാന്തരപ്പെട്ടു.

ഉടമ്പടിയിൽ നിലനിൽക്കുന്നതിന് നിയാമകമായ പ്രമാണമാണ് സീനായ് മലയിൽ വെച്ച് മോശ മുഖാന്തിരം നൽകിയ ന്യായപ്രമാണം (നിയമം). ആയ തിനാൽ, ദൈവം മോശയിലൂടെ ന്യായപ്രമാണം നൽകിയതിന്റെ ഓർമ്മ പുതു ക്കുന്നതിന്റെ പെരുന്നാളായും പെന്തിക്കോസ്തിക്ക് പ്രാധാന്യം ലഭിച്ചു.

പെന്തിക്കോസ്തി, ക്രൈസ്തവ പാരമ്പര്യത്തിൽ

യഹൂദ പെന്തിക്കോസ്തി ദിവസം, സഭയ്ക്ക് മുഴുവനായി പരിശുദ്ധാത്മാ വിന്റെ ദാനം ലഭിച്ചതിനെയാണ് (അപ്പോ. പ്ര. 2:1–42) ക്രൈസ്തവ പെന്തി ക്കോസ്തിയായി അനുസ്മരിക്കുന്നത്. പെന്തിക്കോസ്തിയിൽ സഭയ്ക്ക് മുഴു വനായുള്ള വാഗ്ദാന നിവൃത്തി ഒരിക്കലായിട്ട് നടന്നു.

പെസഹാ പെരുന്നാൾ കഴിഞ്ഞ് അമ്പതാം ദിവസമാണ് പെന്തിക്കോസ്തി പെരുന്നാൾ. പെസഹാ പെരുന്നാളിന് ക്രിസ്തു ക്രൂശിക്കപ്പെട്ടു. നാൽപതു ദിവസം കഴിഞ്ഞ് ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തു. പത്തു ദിവസത്തിനു ശേഷം പരിശുദ്ധാത്മാവ് വന്നു. പരിശുദ്ധാത്മാവ് വന്നത് രഹസ്യമായിട്ടല്ല. ഒന്നായി വന്ന് അവിടെ സന്നിഹിതരായിരുന്നവരുടെ എണ്ണമനുസരിച്ച് പല നാവു കളിലായി പിരിഞ്ഞ് അവരുടെമേൽ പതിയുകയാണുണ്ടായത്. സ്നാപക യോ ഹന്നാൻ പറഞ്ഞ തീ കൊണ്ടുള്ള സ്നാനം അന്ന് അവർക്ക് ലഭിച്ചു (വി. ലൂക്കോ സ് 3:16). സീനായ് മലയിൽ തീയുടെ നടുവിൽ പ്രത്യക്ഷനായ ദൈവം തന്നെ യാണ് ഇവിടെയും ഇടിമുഴക്കത്തോടെ ഇറങ്ങിവന്നിരിക്കുന്നത്. നാവുകളായി പരിശുദ്ധാത്മാവ് വന്നത് സംസാരത്തിന്റെ പ്രതീകമായാണ്.

പരിശുദ്ധാത്മാവിനെ അവരുടെമേൽ ആവസിപ്പിച്ച് തന്റെ അറിവിൻ പ്രകാ ശവും പരിപൂർണ്ണ ഉപദേശവും കൊണ്ട് അവരെ നിറച്ചു. ഉൽകൃഷ്ടജ്ഞാന ത്താൽ അവരുടെ മനസ്സിന് അറിവ് നൽകി. ഉന്നതജ്ഞാനത്താൽ അവരുടെ ബുദ്ധിയെ പ്രകാശിപ്പിച്ചു. ഏവൻഗേലിയോൻ പ്രസംഗിക്കുന്നതിന് അവരെ നയി ച്ചു. അവർ മൂലം ഭൂലോകത്തിന്റെ നാനാഭാഗത്തുമുള്ള എല്ലാ ജാതികളെയും പ്രകാശിപ്പിച്ചു.

ക്രിസ്തുവിന്റെ വാഗ്ദാനം

ഇന്നത്തെ സുവിശേഷഭാഗത്തിൽ യേശു പറയുന്നു 'എന്നാൽ ഞാൻ നിങ്ങ ളോട് സത്യം പറയുന്നു, ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം, ഞാൻ പോകാതിരുന്നാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരുകയില്ല, ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും' (വി. യോഹ. 16:7). യേശുക്രിസ്തുവിന്റെ വലിയ വാഗ്ദാനമായിരുന്നു ഇത്.

പെന്തിക്കോസ്തിയുടെ ഈ പെരുന്നാളിനെ ആഘോഷിച്ചുകൊണ്ട്, പുത്രന്റെ വാഗ്ദാനം നമ്മുടെ ഹൃദയങ്ങളിൽ ഓർക്കുകയാണ്. പരിശുദ്ധ ശ്ലീഹന്മാരിൽ ഇറങ്ങിയ വി. റൂഹായെ നാം മനസ്സിലാക്കുന്നു. റൂഹാ പിതാ വിൽ നിന്ന് പുറപ്പെടുന്നു. പുത്രനിൽ നിന്ന് എടുക്കുന്നു. ശക്തിയിലും ഉണ്മ യിലും അവൻ പിതാവിനോടും പുത്രനോടും ഏകോപിച്ചിരിക്കുന്നു. ഇന്നു നാം ആഘോഷിക്കുന്ന പെരുന്നാൾ നിഴലായിരുന്നു. മോശൈക വാരോത്സവപ്പെരു ന്നാളല്ല, പരിശുദ്ധ റൂഹായുടെ ദാനം മൂലമുള്ള സുവിശേഷപരമായ ആത്മിക പെരുന്നാളാകുന്നു. ഇത് ഇടിഞ്ഞുപോകാത്ത ബാബേൽ ഗോപുരമല്ല. ആ മാളി കയിൽ കാണുന്നത്, ആശ്വാസപ്രദന്റെ മഹനീയ ഇറക്കത്താൽ പണിത് ഉറപ്പി ക്കപ്പെട്ട പരിശുദ്ധ സഭയാകുന്ന ആന്തരീയ ഗോപുരമാണ്.

സഭയും പെന്തിക്കോസ്തിയും

ചരിത്രപരമായി പറയുമ്പോൾ യേശുക്രിസ്തുവിന്റെ ഉയിർപ്പ് സഭാരൂപീക രണത്തിന്റെ ഒന്നാം ഘട്ടമായിരുന്നെങ്കിൽ അതിന്റെ അടുത്ത സുപ്രധാന ഘട്ട മാണ് പെന്തിക്കോസ്തി. അപ്പോ. പ്രവൃത്തികളിൽ വിവരിക്കുന്ന (2:1–42) പെന്തി ക്കോസ്തിയുടെ അനുഭവം സഭയുടെ മൗലികമായ അനുഭവമാണ്. പരിശു ദ്ധാത്മാവ് ദൃശ്യമായ ശക്തിയോടെ ആദിമ ക്രിസ്തീയ സമൂഹത്തിൽ ആവ

സിക്കുകയും വിവിധ ആത്മീയ ദാനങ്ങൾ വർഷിക്കുകയും സഭയ്ക്ക് ദൃശ്യമായ ഘടന രൂപംകൊടുക്കുകയും ചെയ്തു. പിന്നീട് ആദിമ ശിഷ്യസമൂഹത്തിന്റെ ചിന്തയും വാക്കുകളും പ്രവൃത്തികളും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതായി നാം കാണുന്നു.

യെരുശലേം സുന്നഹദോസിന്റെ തീരുമാനങ്ങളെക്കുറിച്ച് 'ഞങ്ങൾക്കും പരിശുദ്ധാത്മാവിനും തോന്നി' (അപ്പോ. പ്രവൃ. 15:28) എന്ന് അതിൽ പങ്കെടുത്തവർക്ക് പറയത്തക്കവിധം സജീവമായ അനുഭവമായിരുന്നു പരിശുദ്ധാത്മാവിൽ നിന്ന് അവർക്ക് ലഭിച്ചത്.

ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ജീവൻ സഭയ്ക്ക് സന്നിഹിതമാക്കി തരുന്നത് പരിശുദ്ധാത്മാവാണ്. സഭ പരിശുദ്ധാത്മാവിന്റെ വിശിഷ്ടമായ ആവാസ മേഖലയാണ്. ഇത് മനസ്സിലാക്കിയാണ് രണ്ടാം നൂറ്റാണ്ടിന്റെ അവസാനം വി. ഐറേനിയോസ് പറയുന്നത് 'എവിടെ സഭയുണ്ടോ, അവിടെ ദൈവത്തിന്റെ ആത്മാവുമുണ്ട്. എവിടെ ദൈവത്തിന്റെ ആത്മാവുണ്ടോ, അവിടെ സഭയും എല്ലാ ദിവ്യകൃപകളുമുണ്ട്, പരിശുദ്ധാത്മാവ് സത്യമാകുന്നു. അതുകൊണ്ട് പരിശുദ്ധാത്മാവിൽ പങ്കാളിത്തമില്ലാത്തവർ (സഭയാകുന്ന) അമ്മയുടെ മുലപ്പാൽ കുടിക്കുകയോ, ക്രിസ്തുശരീരമാകുന്ന സഭയിൽ നിന്ന് ഉത്ഭവിക്കുന്ന ഉറവയിൽ നിന്ന് കുടിക്കുകയോ ചെയ്യുന്നില്ല.'

കാര്യസ്ഥൻ - സത്യത്തിന്റെ ആത്മാവ്

ഇന്നത്തെ വി. വേദഭാഗത്തിൽ 'കാര്യസ്ഥനെ നിങ്ങളുടെ അടുക്കൽ അയയ്ക്കുന്നതിനെക്കുറിച്ചും' (വാ.7), സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തുന്നതിനെക്കുറിച്ചും (വാ. 13) കർത്താവ് പറയുന്നു. ക്രിസ്തുവിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരമായിട്ടാണ് പിതാവ് ആത്മാവിനെ അയയ്ക്കുന്നത് (വി. യോഹ. 14:16). ആത്മാവിൽ കൂടിയാണ് മഹത്വവാനായ ക്രിസ്തുവിന്റെ സാന്നിധ്യവും സംസർഗ്ഗവും വിശ്വാസികൾക്ക് അനുഭവവേദ്യമാകുന്നത്.

സഭയെ സകല സത്യത്തിലേക്കും വഴിനടത്തുന്നത് പരിശുദ്ധാത്മാവാകുന്നു (വി. യോഹ. 16:13). ക്രിസ്തുവിന്റെ വെളിപ്പാടിന്റെ സത്യങ്ങളും മനസ്സിലാക്കി തരികയും ചെയ്യുന്നു. ആത്മാവ് ലോകത്തെ ന്യായം വിധിക്കുന്നു. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തും (വാ. 11).

'ഞങ്ങൾ ദൈവത്തിൽ നിന്നുള്ളവരാകുന്നു. ദൈവത്തെ അറിയുന്നവൻ ഞങ്ങളുടെ വാക്ക് കേൾക്കുന്നു. ദൈവത്തിൽ നിന്നല്ലാത്തവൻ ഞങ്ങളുടെ വാക്ക് കേൾക്കുന്നില്ല. സത്യത്തിന്റെ ആത്മാവ് ഏതു എന്നും വഞ്ചനയുടെ ആത്മാവ് ഏത് എന്നും ഇതിനാൽ അറിയാം' (1 യോഹ. 4:6).

സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ് (SDOF) മലങ്കര സഭാ ഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ 92-ാം ഓർമ്മദിനത്തോടനുബന്ധിച്ച് കോട്ടയം പഴയ സെമിനാരിയിൽ സംഘടിപ്പിച്ച സ്മൃതി സംഗമം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവാ ഉദ്ഘാടനം ചെയ്തു.

മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ് (SDOF) സംഘടിപ്പിച്ച സഭാ ഭാസുരൻ പരിശുദ്ധ വട്ടശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് ഓർമ്മപ്പെരുന്നാളും അനുസ്മരണവും കത്തീഡ്രൽ യൂണിറ്റും കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യാക്കൂബ് മാർ ഐറേനിയോസ് ഉദ്ഘാടനം ചെയ്യുന്നു. ഓർത്തഡോക്സ് സഭ മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്താ എബ്രഹാം മാർ എപ്പിഫാനിയോസ് അധ്യക്ഷത വഹിച്ചു.

മദ്യവർജ്ജന പ്രസ്ഥാനത്തിന്റെ മുൻ നിര പ്രവർത്തകരിൽ പ്രധാനി ആയിരുന്ന പാറക്കൽ കുറിയാക്കോസ് അച്ചന്റെ ഓർമ്മദിനത്തോട് അനുബന്ധിച്ച് തോട്ടയ്ക്കാട് മാർ അപ്രേം സെന്റ് ഡയനീഷ്യസ് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ മദ്യവർജ്ജന ബോധവൽക്കരണ ക്ലാസ് നടന്നു. സബ് ഇൻസ്പെക്ടർ മാത്യു പോൾ ക്ലാസ് നയിച്ചു.

ജീവിതം കൊണ്ട് ലോകത്തോട് സാക്ഷ്യം പറയേണ്ട ഉത്തരവാദിത്വം നമുക്ക് ഉണ്ട്: വീണ ജോർജ്

ജീവിതം കൊണ്ട് ലോകത്തോട് സാക്ഷ്യം പറയേണ്ട ഉത്തരവാദിത്വം നമുക്ക് ഉണ്ട് എന്ന് ആരോഗ്യ മന്ത്രി ശ്രീമതി വീണ ജോർജ്. പരുമല പെരുന്നാളിനോട് അനുബന്ധിച്ചുള്ള സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ് 'ഗുരുസ്മൃതി' ഉദ്ഘാടനം ചെയ്യുകയായിരുന്നു. വിവേകത്തോടെ മനസ്സുകളെ ചേർത്ത പിടിക്കുവാനും മനസിലാക്കുവാനും എസ്. ഡി. ഒ. എഫ് പ്രവർത്തകരിലൂടെ സമൂഹത്തിനു സാധ്യമാകട്ടെ എന്നും അഭിപ്രായപ്പെട്ടു. അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു.

പരുമലയെ വ്യത്യസ്തമാക്കുന്നത് സർവ്വർക്കും സമാരാധ്യനായ ഗുരുവിന്റെ ജീവിതം മൂലമാണ് എന്ന് മുഖ്യ സന്ദേശം നൽകിയ എം. ജി. യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ ഡോ. സിറിയക് തോമസ്. ദൈവത്തോടും സഭയോടും സമൂഹത്തോടും ഉള്ള ഉത്തരവാദിത്വങ്ങൾ ദൈവത്തിനും മനുഷ്യർക്കും മുമ്പിൽ നീതീകരിക്കപ്പെട്ട് നിർവഹിക്കുവാൻ കഴിയട്ടെ എന്നും അദ്ദേഹം പറഞ്ഞു. വൈദിക ട്രെസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് എബ്രഹാം, കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. ബിജു ടി. മാത്യു പുത്തൻകാവ്, ഫാ. ജെ. മാത്യുകുട്ടി, കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. എബ്രഹാം കേന്ദ്ര ട്രഷറാർ ഉമ്മൻ ജോൺ എന്നിവർ പ്രസംഗിച്ചു.

◆ സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ വളരേയും ആകുന്നു. അത് ഒടുക്കകാലമാകകൊണ്ടായിരിക്കാം.

◆ നാം ചെയ്യുന്നതു ദൈവത്തെക്കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽനിന്നു പ്രതിപകരം കിട്ടും.

◆ നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.

- പ. പരുമല തിരുമേനി

സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ തിരുവിതാംകോട് അരപ്പള്ളിയിൽ വെച്ചു മാർത്തോമ്മൻ സ്മൃതിസംഗമം നടന്നു. ഗീവർഗീസ് മാർ പീലക്സീനോസ് ഉദ്ഘാടനം ചെയ്തു.

‘കർഷകതിലകം‘ പുരസ്കാര ജേതാവ് ശ്രീമതി ബിൻസി ജയിംസിനെ ആദരിച്ചു

മസ്കറ്റ്: കേരള സർക്കാറിന്റെ കർഷക തിലകം പുരസ്കാര ജേതാവും, സെന്റ് ഡയനേഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് സെൻട്രൽ കമ്മിറ്റി അംഗവുമായ ബിൻസി ജെയിംസിനെ മസ്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്മഹാ ഇടവക ആദരിച്ചു. റുവി സെന്റ്. തോമസ് ദേവാലയത്തിൽ വിശുദ്ധ കുർബ്ബാനയ്ക്ക് ശേഷം നടന്ന ചടങ്ങിൽ ഇടവക വികാരി ഫാ. തോമസ് ജോസ്പൊന്നാട അണിയിച്ചാണ് ആദരിച്ചത്. ചടങ്ങിൽ അസോസിയേറ്റ് വികാരി ഫാ. ലിജു തോമസ്, ഫാ. ഷാജി പി ജോഷ്വാ, ഇടവക ആക്ടിങ്ങ് സെക്രട്ടറി ശ്രീ. വർഗീസ് കുരുവിള, കോ-ട്രസ്റ്റി ശ്രീ. ബിനു അമ്മിണി എന്നിവർ സന്നിഹിതരായിരുന്നു.

തുടർന്ന് നടന്ന സെന്റ്. ഡയനേഷ്യസ് ഫെലോഷിപ്പ് യോഗത്തിൽ ബിൻസി ജയിംസ് മുഖ്യാതിഥിയായി പങ്കെടുത്ത് ജൈവ കൃഷിയുടെ സാധ്യതകളെക്കുറിച്ചും കൃഷിരീതികളെക്കുറിച്ചും ക്ലാസ്സ് നയിക്കുകയും ഫെല്ലോഷിപ്പിന്റെ കേന്ദ്രതല പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ഇടവക ഭാരവാഹികൾ, ഫെല്ലോഷിപ്പ് ഭാരവാഹികളും അടക്കം നിറഞ്ഞ സദസ്സിനെ സാക്ഷി നിർത്തി നടത്തിയ ക്ലാസും ചോദ്യോത്തരങ്ങളും ഏറെ ശ്രദ്ധേയമായിരുന്നു.

ഫെലൊഷിപ്പിന്റെ സ്നേഹോപഹാരം ചടങ്ങിൽ പ്രസിഡന്റ് ഫാ. തോമസ് ജോസ് ബിൻസി ജയിംസിന് നൽകി. സെക്രട്ടറി ശ്രീ. മാത്യു തോമസ് മെഴുവേലി, ട്രഷറർ ശ്രീ. വിജി തോമസ് വൈദ്യൻ, ജോയിന്റ് സെക്രട്ടറി ശ്രീ. ബിനു തോമസ് വില്ലോത്ത് എന്നിവർ സന്നിഹിതരായിരുന്നു.

> “നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചുപോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. ... സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടു വളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്.”
>
> – പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി

കോട്ടയം: മലങ്കര സഭാ ഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ 92-ാം ഓർമ്മ പെരുന്നാളിനോട് അനുബന്ധിച്ച് കോട്ടയം ഭദ്രാസന സെന്റ് ഡയനീഷ്യസ് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ പഴയസെമിനാരിയിൽ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ കബറിടത്തിൽ നടന്ന അഖണ്ഡ പ്രാർത്ഥന ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത പ്രാർത്ഥിച്ചാരംഭിച്ചു. ഗുരുനാഥൻമാരായ പുലിക്കോട്ടിൽ തിരുമേനിയുടെ കർമ്മ നൈപുണ്യവും പരിശുദ്ധ പരുമല തിരുമേനിയുടെ പ്രാർത്ഥനാ ജീവിതവും സമന്വയിച്ച പരിശുദ്ധ പിതാവാണ് പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയെന്ന് അഭിവന്ദ്യ തിരുമനസ് ആമുഖപ്രസംഗത്തിൽ അനുസ്മരിച്ചു. കോട്ടയം ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. കെ.സി ഫിലിപ്പോസ്, പഴയ സെമിനാരി മാനേജർ ഫാ. ജോസഫ് വർഗീസ് തുടങ്ങിയവർ അഖണ്ഡ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

അപേക്ഷ ക്ഷണിക്കുന്നു

ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ ആഭിമുഖ്യത്തിലുള്ള പ്രത്യാശ കൗൺസലിംങ്ങ് സെന്ററിൽ കൗൺസലിംഗ് വിഭാഗത്തിലേക്ക് RCI രജിസ്ട്രേഷനുള്ള കൗൺസിലേഴ്സിനെ ആവശ്യമുണ്ട്. കൗൺസലിംങ്ങ് വിഭാഗത്തിൽ PhD, DTh, MPhil, MSW, MTh യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.

പ്രിൻസിപ്പൽ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം – 686 001 എന്ന വിലാസത്തിൽ 2026 മെയ് 25 ന് മുമ്പായി അപേക്ഷിക്കേണ്ടതാണ്. email: admin@ots.edu.in. Mob: 9657874641.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ദൈവകൃപയാൽ

സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് പ്രസിഡന്റ്
ഗീവർഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായിൽ നിന്നും

No. SDOF 01/2025 **05.04.2025**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാർക്കും സഹപട്ടക്കാർക്കും
ദേശത്ത് പട്ടക്കാർക്കും പള്ളികൈസ്ഥാനികൾക്കും ശേഷം വിശ്വാസികൾക്കും വാഴ്‌വ്.

പ്രിയരേ, പരിശുദ്ധ സഭയിലെ **40** വയസ്സു മുതൽ **60** വയസ്സുവരെ പ്രായമുള്ള സ്ത്രീ പുരുഷന്മാർക്ക് വേണ്ടി സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെല്ലോഷിപ്പ് **(SDOF)** എന്ന പേരിൽ പുതിയ ഒരു ആത്മീയ സംഘടന രൂപീകരിക്കപ്പെട്ട വിവരം പരിശുദ്ധ കാതോലിക്കാബാവ തിരുമനസ്സിലെ **No. 65/2025** നമ്പർ കൽപ്പന പ്രകാരം നിങ്ങൾ ഏവരും അറിഞ്ഞു കാണുമല്ലോ.

പുതിയ ആത്മീയ സംഘടനയുടെ പ്രസിഡന്റ് എന്ന നിലയിൽ പരിശുദ്ധ സഭയിലെ 40 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള എല്ലാ വിശ്വാസികളെയും ഈ ആത്മീയ സംഘടനയിലേക്ക് സ്വാഗതം ചെയ്യുന്നു.

ഈ പ്രസ്ഥാനത്തിന്റെ സഭ, റീജണൽ, ഭദ്രാസന, ഡിസ്ട്രിക്ട്, യൂണിറ്റ് തലങ്ങളിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും അത് വിപുലപ്പെടുത്തുവാനുമുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. സഭാതലത്തിലെ പ്രവർത്തന ഉദ്ഘാടനം 2025 ഏപ്രിൽ ആറാം തീയതി ചെങ്ങന്നൂർ ഭദ്രാസനത്തിലെ ഇടവങ്കാട് സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ വച്ച് നടക്കുകയുണ്ടായി.

പ്രസ്ഥാനത്തിന്റെ അഖില മലങ്കര വൈസ് പ്രസിഡണ്ടായി ചെങ്ങന്നൂർ ഭദ്രാസനത്തിലെ ബഹു. ബിജു ടി മാത്യു അച്ചനെയും ജനറൽ സെക്രട്ടറിയായി തുമ്പമൺ ഭദ്രാസനത്തിലെ ശ്രീ ഷിബു കെ എബ്രഹാമിനെയും കേന്ദ്ര ട്രഷററായി മാവേലിക്കര ഭദ്രാസനത്തിലെ ശ്രീ ഉമ്മൻ ജോണിനെയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയുടെ സമ്മതത്തോടും ആലോചനയോടും കൂടി നിയമിച്ച വിവരം നിങ്ങളെ ഏവരെയും അറിയിക്കുന്നു.

മലങ്കര സഭയിലെ എല്ലാ പള്ളികളിലും ഇതിന്റെ യൂണിറ്റുകൾ രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യണം.

പ്രാരംഭ പ്രവർത്തനങ്ങളെയും യൂണിറ്റ് രൂപീകരണത്തേയും സംബന്ധിച്ച സംശയ നിവാരണങ്ങൾക്ക് കേന്ദ്ര ഭാരവാഹികളെ ബന്ധപ്പെടേണ്ടതാണ്.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ഗീവർഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്ത

Fr. Biju T Mathew, Puthencavu - +91 94472 75064
Mr. Shibu K Abraham, Thumpamon - +91 94471 18665
Mr. Oommen John, Mavelikkara - +91 98474 44429

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ദൈവകൃപയാൽ

സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് പ്രസിഡന്റ്
ഗീവർഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായിൽ നിന്നും

No.SDOF 03/2026 28-02-2026

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാർക്കും സഹപട്ടക്കാർക്കും
ദേശത്ത് പട്ടക്കാർക്കും പള്ളികൈസ്ഥാനികൾക്കും ശേഷം വിശ്വാസികൾക്കും വാഴ്വ്.

പ്രിയരേ, പരിശുദ്ധ സഭയിലെ 40 വയസ്സു മുതൽ 60 വയസ്സുവരെ പ്രായമുള്ള സ്ത്രീ പുരുഷന്മാർക്കു വേണ്ടി പരിശുദ്ധ കാതോലിക്കാബാവയുടെ No.65/2025 നമ്പർ കല്പനപ്രകാരം രൂപീകൃതമായ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെല്ലോഷിപ്പ് (SDOF) എന്ന ആത്മീയ പ്രസ്ഥാനം പരിശുദ്ധ സഭയിൽ ഭദ്രാസന, ഡിസ്ട്രിക്റ്റ്, യൂണിറ്റ് തലങ്ങളിൽ ഏറെ സജീവമായി പ്രവർത്തനങ്ങൾ ആരംഭിച്ചു എന്നതിൽ അതിയായ സന്തോഷമുണ്ട്. പ്രസ്ഥാന ത്തിന്റെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുന്നതിനായി, കേന്ദ്ര ജനറൽ അസംബ്ലി 2026 ഫെബ്രുവരി 28 ശനിയാഴ്ച കോട്ടയം പഴയ സെമിനാരിയിൽ ചേരുകയും തദവസരത്തിൽ താഴെപറയുന്ന ചുമതലക്കാരെ നിയമിക്കുകയുമുണ്ടായി. **പ്രസിദ്ധീകരണങ്ങൾ**: പബ്ലിഷർ- ഫാ.വി.ജി.കോശി വൈദ്യൻ (കൊല്ലം), ചീഫ് എഡിറ്റർ- ശ്രീ. രാജ് ഫിലിപ്പ് (കോട്ടയം), എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ - ശ്രീ. പ്രിനു റ്റി മാത്യൂസ് (തുമ്പമൺ), ശ്രീ. സന്തോഷ് ദാനിയേൽ (ചെങ്ങന്നൂർ), **കേന്ദ്ര കമ്മറ്റി അംഗങ്ങൾ** - ശ്രീ. ഷാലു ജോൺ (കൊല്ലം), ശ്രീ. ജോൺ പൊടിയൻ (കൊട്ടാരക്കര-പുനലൂർ) ശ്രീ. ജേക്കബ് ഉമ്മൻ (മാവേലിക്കര), അഡ്വ.ബിനോസ് തോമസ് (ചെങ്ങന്നൂർ), ശ്രീ. അനു വർഗീസ് (നിലയ്ക്കൽ) ശ്രീമതി. പ്രിയ ജേക്കബ് (അടൂർ - കടമ്പനാട്) ശ്രീമതി. റേച്ചൽ സാബു (കോട്ടയം), ശ്രീമതി. ബിൻസി ജെയിംസ് (ഇടുക്കി), ശ്രീമതി. റെൻസി വർഗീസ് (മലബാർ), ശ്രീമതി. നീന അരുൺ (കണ്ടനാട് വെസ്റ്റ്)

സോണൽ സെക്രട്ടറിമാർ - ശ്രീ. ഷിബു വർഗീസ്, (തിരുവനന്തപുരം/കൊല്ലം/കൊട്ടാരക്കര-പുനലൂർ) അഡ്വ. ബിജു വർഗീസ് (തുമ്പമൺ/അടൂർ - കടമ്പനാട്/നിലയ്ക്കൽ), ശ്രീ. അനൂപ് വർഗീസ് (ചെങ്ങന്നൂർ/മാവേലിക്കര/നിരണം), ശ്രീ. ബോബിൻ മർക്കോസ് (കോട്ടയം/കോട്ടയം സെൻട്രൽ/ഇടുക്കി), ഡോ. ഉമ്മൻ കെ. മാത്യു (അങ്കമാലി/കണ്ടനാട് വെസ്റ്റ്/ കണ്ടനാട് ഈസ്റ്റ്), ശ്രീ. ജീബ്ലസ് ജോർജ്ജ് (കൊച്ചി/കുന്നംകുളം/തൃശൂർ), ശ്രീ. ജോൺ ഏബ്രഹാം ചീരമറ്റം (മലബാർ/ബത്തേരി/ബ്രഹ്മവാർ) ശ്രീ. അനു ജോയി, ചെന്നൈ (ഔട്ട് സൈഡ് കേരള സോൺ ഇൻ ഇന്ത്യ) ശ്രീ. മാമ്മൻ ജേക്കബ്, അബുദാബി (ഗൾഫ് സോൺ), ശ്രീ. ജോർജ് ജോസ്, റോം (യൂറോപ്പ്), ശ്രീ. സർജ്ജു ജോർജ് (ആഫ്രിക്ക). **ഓഡിറ്റർ**- ശ്രീ. റെജി എം.ജോൺ (തുമ്പമൺ)

മേൽപറഞ്ഞ ഭാരവാഹികൾ അവരവരുടെ ചുമതലകൾ ഭംഗിയായി നിർവ്വഹിച്ച് പ്രസ്ഥാനത്തെ ശക്തിപ്പെടു ത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

പരിശുദ്ധ സഭയുടെ പിതാക്കന്മാർക്ക് മുൻപിൽ പ്രാർത്ഥനാദരവുകൾ അർപ്പിക്കുന്നതിന്റെ ഭാഗമായി മലങ്കര സഭയുടെ കാവൽപിതാവായ വി.മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച തിരുവിതാംകോട് സെന്റ്മേരീസ് ദേവാലയത്തിൽ (അരപള്ളി) വെച്ച് മാർത്തോമ്മൻ സ്മൃതിസംഗമം സംഘടിപ്പിക്കുന്നു. 2026 ഏപ്രിൽ മാസം 10-ാം തീയതി വെള്ളി യാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് നടക്കുന്ന ഈ സംഗമത്തിൽ ഏവരും പങ്കുചേരണം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും
നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

Philoxenos

ഗീവർഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്ത

President
H.G Geevarghese Mar
Philoxenos Metropolitan
Ph: 7025168747

Vice President
Fr. Biju T Mathew
Puthencavu
Ph: 9447275064
7907678545

General Secretary
Shibu K Abraham
Thumpamon
Ph: 9447118665

Treasurer
Oommen John
Mavelikkara
Ph: 9847444429
8547024429

സർക്കുലർ നമ്പർ-1/2026

ബഹുമാന്യരും പ്രിയപ്പെട്ടവരുമേ,

സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ പ്രഥമ കേന്ദ്ര കമ്മറ്റിയോഗം പ്രസിഡന്റ് അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സിനോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ 2026 ഏപ്രിൽ 10 ന് തിരുവിതാംകോട് അരപള്ളിയിൽ വെച്ച് ചേരുകയുണ്ടായി. സമയത്തിന്റെ കുറവ് മൂലം ചർച്ചകൾ പൂർത്തിയാക്കാൻ കഴിയാതിരുന്നതിനാൽ അതിന്റെ തുടർച്ചയായി 13-05-26 ൽ ഓൺലൈനായി അഭി.തിരുമേനിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് കൈക്കൊണ്ട തീരുമാനങ്ങൾ SDOF ന്റെ കേന്ദ്ര-ഭദ്രാസന-ഡിസ്ട്രിക്റ്റ്-യൂണിറ്റ് ഭാരവാഹികളുടേയും അംഗങ്ങളുടേയും അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നു.

പ്രവർത്തന രൂപരേഖ

2026-27 വർഷത്തെ കേന്ദ്രതല പ്രവർത്തന രൂപരേഖ അംഗീകരിച്ചു.
മെയ്- യൂണിറ്റ് രജിസ്ട്രേഷൻ, മെയ് 31 ന്- കർമ്മേൽ ദയറായിൽ മേഖലാസമ്മേളനം,
ജൂൺ- കാർഷിക സെമിനാർ, **ജൂലൈ**- 17, 18 തീയതികളിൽ വാർഷിക നേതൃത്വക്യാമ്പ് (യൂണിറ്റ്തലം മുതൽ കേന്ദ്രകമ്മറ്റി വരെയുള്ള ഭാരവാഹികൾക്കായി), ജൂലൈ- 5ന് കോട്ടയത്ത് മേഖലാ സമ്മേളനം, **ഓഗസ്റ്റ്**- വിശ്വാസം, സാക്ഷ്യം, പ്രബോധനം എന്നീ വിഷയങ്ങളെ സംബന്ധിച്ച് മേഖലാതല പഠന സെമിനാറുകൾ, **സെപ്റ്റംബർ**- കുടുംബ ശാക്തീകരണ വാരാചരണം, ആരോഗ്യ സെമിനാർ, **ഒക്ടോബർ**- പരുമലയിൽ ഓർമ്മ പെരുന്നാളിനോട് അനുബന്ധിച്ച് പ്രോഗ്രാം, **നവംബർ**- ഭദ്രാസനതല പഠന ക്യാമ്പ്, **ഡിസംബർ**- ക്രിസ്മസ് ഈവ് (ഏതെങ്കിലും ഭദ്രാസനവുമായോ യൂണിറ്റുമായോ സഹകരിച്ച്), കപ്പിൾ റിട്രീറ്റ്, **ജനുവരി** -പ്രവർത്തക സമ്മേളനം, **ഫെബ്രുവരി**- പഴയ സെമിനാരിയിൽ പേട്രൺസ് ഡേ ദിനാചരണം, **മാർച്ച്**- വി.നോമ്പ് ആചാരണ ധ്യാന യോഗങ്ങൾ, **ഏപ്രിൽ**- മാർ തോമ്മാ ശ്ലീഹാ സ്ഥാപിച്ച തിരുവിതാംകോട് പള്ളിയിലേക്ക് തീർത്ഥാടനം.

ഇതോടൊപ്പം യൂണിറ്റുകൾ ഓരോ ദേവാലയത്തിന്റെയും സാഹചര്യങ്ങൾക്ക് അനുസൃതമായ പ്രോഗ്രാമുകൾ സംഘടിപ്പിക്കണം.

യൂണിറ്റ് രജിസ്ട്രേഷൻ

1. എല്ലാ ദേവാലയങ്ങളിലും യൂണിറ്റുകൾ ആരംഭിച്ച് കേന്ദ്ര രജിസ്ട്രേഷൻ 2026 ജൂൺ 15ന് മുമ്പ് പൂർത്തിയാക്കണം.
2. രജിസ്ട്രേഷൻ ഫീസ് ഇന്ത്യക്ക് അകത്ത് 500 രൂപ ആയിരിക്കും (കേന്ദ്രത്തിലേക്ക് 250 രൂപയും ഭദ്രാസനങ്ങളിലേക്ക് 250 രൂപയും). ഇന്ത്യക്ക് പുറത്ത് 1000 രൂപ ആയിരിക്കും.
3. യൂണിറ്റ് രജിസ്ട്രേഷൻ ഫീസ് ഭദ്രാസനങ്ങളിൽ കളക്ട് ചെയ്ത് രജിസ്ട്രേഷൻ ഫോം, അംഗത്വ ലിസ്റ്റ് എന്നിവയോടൊപ്പം ഭദ്രാസന സെക്രട്ടറിമാർ കേന്ദ്രത്തിലേക്ക് നൽകേണ്ടതാണ്.
4. 2025 ഏപ്രിൽ മുതൽ 2026 മെയ് 15 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകളുടെ അംഗീകാരം 2027 മാർച്ച് 31 വരെ ഉണ്ടായിരിക്കും.

Page-1....

സർക്കുലർ നമ്പർ-1/2026

(1-ാം പേജിന്റെ തുടർച്ച....)

President
H.G Geevarghese Mar Philoxenos Metropolitan
Ph: 7025168747

Vice President
Fr. Biju T Mathew Puthencavu
Ph: 9447275064
7907678545

General Secretary
Shibu K Abraham Thumpamon
Ph: 9447118665

Treasurer
Oommen John Mavelikkara
Ph: 9847444429
8547024429

വാർഷിക ക്യാമ്പ്

ജൂൺ 15 വരെ രജിസ്റ്റർ ചെയ്യുന്ന യൂണിറ്റുകളിലെ ഭാരവാഹികളേയും ഡിസ്ട്രിക്റ്റ്- ഭദ്രാസന-കേന്ദ്ര ഭാരവാഹികളെയും ഉൾപ്പെടുത്തി വാർഷിക ക്യാമ്പ് 2026 ജൂലൈ 17,18 തീയതികളിലായി നടത്തുന്നതാണ്.

സഹോദരൻ പദ്ധതി

പരി.കാതോലിക്കാ ബാവ തിരുമനസ്സിന്റെ സഹോദരൻ പദ്ധതിയുടെ ഭാഗമായി 5 വീടുകൾ നിർമ്മിച്ചു നൽകുവാനുള്ള ആഗ്രഹം യോഗത്തിൽ പ്രകടിപ്പിക്കപ്പെട്ടു. അതേ തുടർന്ന് തുമ്പമൺ ഭദ്രാസന SDOF കമ്മറ്റി ഒരു വീട് നിർമ്മിച്ച് നൽകാമെന്ന് വാഗ്ദാനം ചെയ്തു എന്നത് സന്തോഷപൂർവ്വം അറിയിക്കുന്നു.

മുഖപത്രം

പ്രസ്ഥാനത്തിന്റെ മുഖപത്രം പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചു എന്നുള്ള സന്തോഷം എല്ലാവരെയും അറിയിക്കുന്നു. 'SDOF SUNDAY' എന്ന പേരിട്ടിരിക്കുന്ന മുഖപത്രം എല്ലാ ഞായറാഴ്ചയുമാണ് പ്രസിദ്ധീകരിക്കുന്നത്. മുഖപത്രത്തിന് പേരുകൾ നിർദ്ദേശിച്ച എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു. പരിശുദ്ധ സഭ ആകമാനം പ്രസ്ഥാനത്തിന്റെ എല്ലാ തലങ്ങളിലും ഉള്ള വാർത്തകളും ഫോട്ടോകളും അറിയിപ്പുകളും ലേഖനങ്ങളും പരസ്യങ്ങളും ഈ മുഖപത്രത്തിലൂടെ വിശ്വാസികളെ അറിയിക്കുവാൻ സാധിക്കും.

പ്രസ്ഥാനത്തിന്റെ എല്ലാ പ്രവർത്തകരും അംഗങ്ങളും ഈ മുഖപത്രം വേണ്ടവിധത്തിൽ ഉപയോഗിക്കണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു. സഭയ്ക്കും സമൂഹത്തിനും ഈ മുഖപത്രം പ്രയോജനകരമായി തീരും എന്ന് പ്രത്യാശിക്കുന്നു.

പെന്തക്കോസ്തി ഞായറാഴ്ചയായ 2026 മെയ് 24 ന് മുഖപത്രത്തിന്റെ ആദ്യലക്കം പ്രകാശനം ചെയ്യും.

പ്രസിദ്ധീകരണം ഞായറാഴ്ചകളിൽ ആയതിനാൽ യൂണിറ്റുകളുടെയും ഭദ്രാസനങ്ങളുടെയും വാർത്തകളും ഫോട്ടോകളും എല്ലാ ബുധനാഴ്ചയും വൈകിട്ട് 5 മണിക്ക് മുമ്പ് **sdofsunday@gmail.com** എന്ന email ID യിലേക്ക് അയക്കേണ്ടതാണ്.

പ്രസ്ഥാനം രൂപീകൃതമായിട്ട് ഒരു വർഷം പിന്നിട്ടിരിക്കുന്ന ഈ വേളയിൽ നമ്മുടെ പ്രവർത്തനങ്ങൾ ഏറെ ശക്തമാക്കേണ്ടിയിരിക്കുന്നു. എല്ലാ യൂണിറ്റ്-ഡിസ്ട്രിക്റ്റ്-ഭദ്രാസന- കേന്ദ്ര ചുമതലക്കാരുടെയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമെന്ന് സ്നേഹാദരവുകളോടെ അഭ്യർത്ഥിക്കുന്നു.

എന്ന്
SDOF കേന്ദ്ര കമ്മറ്റിക്കുവേണ്ടി

കോട്ടയം
15-05-26

ഷിബു കെ ഏബ്രഹാം
(ജനറൽ സെക്രട്ടറി)

(Page-2)

സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് (SDOF) ഏകദിന നേതൃസമ്മേളനവും ഭദ്രാസന ഭാരവാഹികൾക്കുള്ള ഏകദിന സെമിനാറും പാമ്പാടി ദയറായിൽ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. പ്രസ്ഥാനം പ്രസിഡന്റ് ഗീവർഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ അധ്യക്ഷത വഹിച്ചു. കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. ബിജു ടി മാത്യു, കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. ഏബ്രഹാം, കേന്ദ്ര ട്രഷറാർ ഉമ്മൻ ജോൺ തുടങ്ങിയവർ പ്രസംഗിച്ചു.

കോട്ടയം ഭദ്രാസന സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിൽ നടന്ന നേതൃത്വ പരിശീലന ശില്പശാല ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് ഉദ്ഘാടനം ചെയ്യുന്നു.

ഇടുക്കി മെത്രാസന സെന്റ് ഡയനീഷ്യസ് ഫെലോഷിപ്പിന്റെ മെത്രാസന തല ഉദ്ഘാടനം മെത്രാസന മെത്രാപ്പോലീത്താ സഖറിയാ മാർ സേവേറിയോസ് നിർവ്വഹിച്ചു. കേന്ദ്ര തല ഭാരവാഹികളായ റവ. ഫാ. ബിജു റ്റി. മാത്യൂ, ഉമ്മൻ ജോൺ, ഷിബു കെ. മാത്യൂ എന്നിവർ പങ്കെടുത്ത സമ്മേളനത്തിനു ശേഷം കാർഷിക വർക്കിംഗ് ക്യാമ്പ് മെത്രാസന അരമനയിൽ നടത്തപ്പെട്ടു.

തുമ്പമൺ ഭദ്രാസനം സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ ഭദ്രാസനതല ഉദ്ഘാടനം മൈലപ്ര സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത നിർവഹിക്കുന്നു. കേന്ദ്ര പ്രസിഡന്റ് ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ, ഫാ. പി. വൈ. ജെസൻ, റോണി വർഗീസ്, ഷിബു കെ. ഏബ്രഹാം, ഫാ. ബിജു ടി. മാത്യൂസ്, പ്രിനു ടി. മാത്യൂസ്, ബിജു കൂടൽ, ഫാ. തോമസ് കെ. ചാക്കോ, ഫാ. റിജോ സണ്ണി വർഗീസ് എന്നിവർ സമീപം.



The SDOF Unit of St John's, Mayur Vihar Phase-1 Parish, celebrated Nurses Day in a blessed manner. Dr. Youhanon Mar Demetrios Metropolitan felicitated the Nurses (Both Working and Retired).

SDOF ന്റെ മുഖപത്രത്തിന് പേര് നിർദ്ദേശിക്കുവാനുള്ള മത്സരത്തിൽ പേര് നിർദ്ദേശിച്ചവരിൽ തിരഞ്ഞെടുക്കപ്പെട്ട പേരിന് സമ്മാനാർഹർ.

ജോൺ ചീരമറ്റം
ഷിജോ കുരുവിള
ഷിബു വർഗീസ്